"ഭരണഭാഷ മാതൃഭാഷ"

നം.വൈ(1)/13020/2023/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 03/08/2023.
e-mail : supdty.dge@kerala.gov.in

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം - ഫ്രീഡം ഫെസ്റ്റ് 2023 - സ്കൂൾതലത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ - സംബന്ധിച്ച്

സൂചന: 1. ആസൂത്രണ സാമ്പത്തികകാര്യ (ഡെവലപ്മെന്റ് ആന്റ് ഇന്നോവേഷൻ) വകുപ്പിന്റെ 04/07/2023 തീയതിയിലെ സ.ഉ.(സാധാ) നം.66/2023/PLG & EA(DVPMT & Innovation) നമ്പർ ഉത്തരവ്.

2. കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 02/08/2023 തീയതിയിലെ കൈറ്റ്/2023/1734(28) നമ്പർ കത്ത്.

വിജ്ഞാനത്തിന്റെയും നൂതനാശയ നിർമിതിയുടെയും സാങ്കേതികവിദ്യയുടെയും പ്രയോജനം എല്ലാവർക്കും പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാർ 2023 ഓഗസ്റ്റ് 12 മുതൽ 15 വരെ തിരുവനന്തപുരത്തു വച്ച് **"സ്വതന്ത്ര വിജ്ഞാനോൽസവം"** (Freedom Fest 2023) എന്ന പരിപാടി സംഘടിപ്പിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ഉപയോഗത്തിലൂടെ നിരവധി പ്രവർത്തനങ്ങൾ കൈറ്റിന്റെ പിന്തുണയോടുകൂടി പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ഫ്രീഡം ഫെസ്റ്റ് 2023 ന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെയും മറ്റ് ക്ലബ്ബുകളുടേയും കൈറ്റിന്റേയും നേതൃത്വത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

### A. ഐ.റ്റി കോർണർ

സ്വതന്ത്രസോഫ്റ്റ്‌വെയർ ആശയങ്ങളുടെ പ്രചാരണത്തോടൊപ്പം സ്വതന്ത്ര ഹാർഡ്‌വെയർ (Open-source hardware - OSH) പ്രചരണവും ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനമാണ് ഐ.റ്റി. കോർണറിന്റെ ഭാഗമായി ആസൂത്രണം ചെയ്യേണ്ടത്.

1. ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുള്ള എല്ലാ സ്കൂളുകളിലും ലഭ്യമാക്കിയിട്ടുള്ള സ്വതന്ത്ര ഹാർഡ്‌വെയറായ Arduino, ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ ലഭ്യമാക്കിയിട്ടുള്ള ExpEYES തുടങ്ങിയവ പ്രയോജനപ്പെടുത്തിക്കൊണ്ട് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 5 മുതൽ 12 വരെ ദിവസങ്ങളിൽ ഐ.റ്റി. കോർണർ പ്രവർത്തിപ്പിക്കേണ്ടതാണ്.
2. റോബോട്ടിക്സ് പ്രോജക്ടുകളുടെയും ഇലക്ട്രോണിക് പഠനോപകരണങ്ങളുടെയും എക്സിബിഷനും പരിശീലനവുമാണ് ഐ.റ്റി. കോർണറിന്റെ ഭാഗമായി അവതരിപ്പിക്കേണ്ടത് (ക്രമീകരിക്കാവുന്ന പ്രവർത്തനങ്ങൾ അനുബന്ധം 1 - ൽ ചേർത്തിട്ടുണ്ട്).
3. റെഗുലർ ക്ലാസ്സിന് വിഘാതം സൃഷ്ടിക്കാത്ത വിധത്തിൽ സ്കൂളുകളിലെ എല്ലാ കുട്ടികളെയും വിവിധ ഘട്ടങ്ങളിലായി പങ്കെടുപ്പിച്ചുകൊണ്ട് പ്രദർശനം നടത്തേണ്ടതാണ്.
4. സ്കൂളുകളിൽ സംഘടിപ്പിക്കുന്ന ഐ.റ്റി. കോർണറിന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്കും മറ്റു സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും കാണുന്നതിനുള്ള അവസരം നൽകാവുന്നതാണ്.
5. ഐ.റ്റി. കോർണറിൽ സജ്ജീകരിച്ചിരിക്കുന്ന ഉപകരണങ്ങളെക്കുറിച്ചും സ്വതന്ത്ര ഹാർഡ്‌വെയറുകളെക്കുറിച്ചും കൈറ്റ് ലഭ്യമാക്കുന്ന വിശദീകരണം സ്കൂളിൽ പൊതുവായി പ്രദർശിപ്പിക്കാവുന്നതാണ്.

**B. പോസ്റ്റർ നിർമ്മാണം**

1. സ്വതന്ത്ര വിജ്ഞാനോത്സവത്തിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിനു സഹായിക്കുന്ന പോസ്റ്ററുകൾ (കുറഞ്ഞത് 5 എണ്ണം) എല്ലാ ലിറ്റിൽകൈറ്റ്സ് യൂണിറ്റുകളുടെയും നേതൃത്വത്തിൽ തയാറാക്കേണ്ടതും (പോസ്റ്റർ തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്).
2. മികച്ച പോസ്റ്ററുകൾ സ്കൂൾവിക്കിയിലേക്ക് അപ്‌ലോഡ് ചെയ്യേണ്ടതും പ്രിന്റെടുത്ത് സ്കൂളിലെ നോട്ടീസ് ബോഡിൽ പ്രദർശിപ്പിക്കാവുന്നതുമാണ്.

**C. മറ്റ് അനുബന്ധ പരിപാടികൾ:**

1. സ്വതന്ത്ര വിജ്ഞാനോത്സവത്തിന്റെ ആവശ്യകതയും ലക്ഷ്യവും വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും അറിയിക്കുന്നതിനുള്ള സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ, മറ്റു പ്രാദേശിക ഐ.റ്റി കൂട്ടായ്മകൾ എന്നിവരുടെ സഹകരണത്തോടെ കൈറ്റ് ലഭ്യമാക്കുന്ന മൊഡ്യൂളുകളും പ്രസന്റേഷനും മറ്റ് സാമഗ്രികളും പ്രയോജനപ്പെടുത്തിക്കൊണ്ട് സംഘടിപ്പിക്കാവുന്നതാണ്.
2. കൈറ്റ് മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ എല്ലാ ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാലയങ്ങളിലും ആഗസ്റ്റ് പന്ത്രണ്ടാം തീയതിക്കകം സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗം സംബന്ധിച്ച ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്.

**D. സ്കൂൾ അസംബ്ലി:**

ആഗസ്റ്റ് 9-ാം തീയതി ബുധനാഴ്ച എല്ലാ ഹൈസ്ക്കൂളുകളിലും/ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലും പ്രത്യേക സ്കൂൾ അസംബ്ലി വിളിച്ചു ചേർത്ത് സ്വതന്ത്ര വിജ്ഞാനോത്സവുമായി ബന്ധപ്പെട്ട് ലഭ്യമാക്കുന്ന സന്ദേശം വായിക്കേണ്ടതാണ്.

സ്വതന്ത്ര വിജ്ഞാനോൽസവം 2023-ന്റെ ഭാഗമായി സ്കൂളുകളിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാങ്കേതിക സഹായം, മൊഡ്യൂൾ, പ്രസന്റേഷൻ, മറ്റ് സാമഗ്രികൾ തുടങ്ങിയവ കൈറ്റ് ലഭ്യമാക്കേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ആർ.ഡി.ഡി. മാർക്കും (എച്ച്.എസ്.ഇ. വിഭാഗം)
3. എല്ലാ എ.ഡി. മാർക്കും (വി.എച്ച്.എസ്.ഇ. വിഭാഗം)
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
5. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
6. എല്ലാ പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർമാർക്കും.

} പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് മുഖേന

7. ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, കൈറ്റ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടിയും സ്വതന്ത്ര വിജ്ഞാനോൽസവത്തിന്റെ തുടർ നടപടികൾക്കുമായി)

## അനുബന്ധം 1

റോബോട്ടിക് ഉപകരണങ്ങളുടെ നിർമ്മാണത്തിനായി ലിറ്റിൽകൈറ്റ്സ് ഒൻപതാംക്ലാസ് പ്രവർത്തനപുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന താഴെ നൽകിയിരിക്കുന്ന റോബോട്ടിക് പ്രവർത്തനങ്ങളും ലിറ്റിൽകൈറ്റ്സ് പരിശീലനത്തിലൂടെ വിദ്യാർഥികൾ പരിചയപ്പെട്ട റോബോട്ടിക് ഉപകരണ മാതൃകകളും പ്രയോജനപ്പെടുത്താം.

- Dancing LED
- Automatic Traffic Signal
- Automatic Street Light
- Electronic dice
- Robo Hen (ഈ വർഷത്തെ പ്രിലിമിനറി ക്യാമ്പിൽ പരിചയപ്പെട്ട പ്രവർത്തനം)
- ഇവ കൂടാതെ ലഭ്യമായ മറ്റ് ഉപകരണങ്ങൾ ഉപയോഗിച്ചുള്ള റോബോട്ടിക് ഉപകരണങ്ങളും അവതരിപ്പിക്കാവുന്നതാണ്. ഇതിനായി പൂർവ വിദ്യാർത്ഥി കളുടെയോ പ്രാദേശികമായി ലഭിക്കാവുന്ന ഐ.റ്റി. വിദഗ്ധരുടെയോ സഹായം പ്രയോജനപ്പെടുത്താവുന്നതാണ്.
- ExpEYES ഉപയോഗിച്ചുള്ള സയൻസ് ലാബ് പ്രവർത്തനം. ഇതിനായി ഹയർസെിക്കന്ററി വിഭാഗത്തിൽ നിന്നും ExpEYES പരിശീലനം ലഭിച്ച അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

# അനുബന്ധം 2

## പോസ്റ്റർ നിർമാണത്തിനുള്ള നിർദേശങ്ങൾ

1. വലുപ്പം: A3 (11.7 x 16.5 inches)

   ലാന്റ്സ്കേപ്പിലോ പോർട്രേറ്റിലോ (Landscape/Portrait) ആകാം.

2. ഫയൽ ഫോർമാറ്റ്: JPEG / PNG

   ചുരുങ്ങിയത് 300 DPI റെസല്യൂഷൻ

3. കളർമോഡ്: CMYK

4. തലക്കെട്ടും ടെക്സ്റ്റും:

   സ്വതന്ത്ര വിജ്ഞാനോൽസവം 2023

   Knowledge Innovation Technology

   2023 ആഗസ്ത് 12 മുതൽ 15 വരെ

   ടാഗോർ തിയറ്റർ-തിരുവനന്തപുരം

5. സ്വതന്ത്ര വിജ്ഞാനോൽസവത്തിന്റെ ആശയത്തെ പ്രകടിപ്പിക്കുന്ന തരത്തിൽ പരിമിതമായ തോതിൽ ടെക്സ്റ്റും ചിത്രങ്ങളും ഉൾപ്പെടുത്താവുന്നതാണ്.

6. വ്യക്തിപരമായ ലോഗോയോ പേരുകളോ പോസ്റ്ററുകളിൽ ഉണ്ടാകരുത്

7. പകർപ്പവകാശമുള്ള (Copyright ) യാതൊന്നും ഉപയോഗിക്കരുത്

8. ലഭ്യമാകുന്ന പോസ്റ്ററുകളിൽ മികച്ചു നിൽക്കുന്നവ സ്വതന്ത്ര വിജ്ഞാനോൽസവത്തിന്റെ പ്രമോഷനുവേണ്ടി ഉപയോഗപ്പെടുത്തുന്നതാണ്.